ഫെബ്രുവരി 21, 2014

# ആന്ധ്രാവിഭജനവും ബി.ജെ.പിയും

**അരുൺ ജെയ്റ്റ്ലി,** പ്രതിപക്ഷ നേതാവ്
(രാജ്യസഭ)

തെലങ്കാന സംസ്ഥാന രൂപീകരണം യാഥാർത്ഥ്യമായ സാഹചര്യത്തിൽ അതിന്റെ നേട്ടങ്ങളും കോട്ടങ്ങളും ആർക്കൊക്കെയാണ് എന്ന അപഗ്രഥനം മാധ്യമസുഹൃത്തുക്കളും രാഷ്ട്രീയ നിരീക്ഷകരും ഉടൻ നടത്താനാരംഭിക്കും. ഇത്തരം ഇടുങ്ങിയ വീക്ഷണത്തോട് പാർലമെന്റ് അംഗീകരിച്ച ഒരു തീരുമാനത്തെ നോക്കിക്കാണുന്നത് ബുദ്ധിപരമല്ല. തെലങ്കാന ആ പ്രദേശത്തെ ജനങ്ങളുടെ ഒരു ന്യായമായ അഭിലാഷമായി പരിണമിച്ചു. ജനങ്ങൾക്കിടയിലുണ്ടായ വികാരം വളരെ വലുതായിരുന്നു. അതുകൊണ്ടുതന്നെ തീരുമാനം വൈകിപ്പിക്കുന്നത് വലിയ അശാന്തിക്കും പ്രതിസന്ധിക്കും ഇടവരുത്തുമായിരുന്നു.

കഴിഞ്ഞ കുറെ വർഷമായി കോൺഗ്രസ് പാർട്ടി ഇക്കാര്യം തെറ്റായ രീതിയിൽ കൈകാര്യം ചെയ്തത് പ്രശ്നം വഷളാക്കി. ഛത്തീസ്ഗഡ്, ഝാർഖണ്ട്, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങൾ രൂപീകരണവേളയിൽ നടത്തിയ അഭിപ്രായസമന്വയം ഉണ്ടാക്കിയെടുക്കുന്നതിനു പകരം സംസ്ഥാനത്തിലെ ജനങ്ങൾക്കിടയിൽ ഭിന്നിപ്പിന്റെയും ഏറ്റുമുട്ടലിന്റെയും സ്ഥിതി സംജാതമാക്കാനാണ് കോൺഗ്രസ് പാർട്ടിയിലെ വ്യത്യസ്ത ചേരികൾ ശ്രമിച്ചത്. സംസ്ഥാനഭരണം മൊത്തത്തിൽ നിശ്ചലാവസ്ഥയിലായി.

ഇന്ത്യയിലെ ഏറ്റവും കർമ്മനിരതമായ സംസ്ഥാനങ്ങളിൽ ഒന്നാണ് ആന്ധ്രാപ്രദേശ്. ഈ പ്രശ്നം പരിഹരിക്കാൻ രാഷ്ട്രീയ അവസരവാദമാണോ അതോ ഭരണനൈപുണ്യമാണോ വേണ്ടതെന്നത് ചിന്തനീയമാണ്.

കഴിഞ്ഞ മൂന്നു ദശാബ്ദങ്ങളായി സംസ്ഥാന ബി.ജെ.പി. ഘടകം തെലങ്കാന വിഷയത്തിൽ പ്രതിജ്ഞാബദ്ധമായിരുന്നു. 2006-ൽ പാർട്ടിയുടെ കേന്ദ്രഘടകം പിന്തുണ പ്രഖ്യാപിച്ചു. അങ്ങനെ ബി.ജെ.പി. ഇരട്ട ലക്ഷ്യവുമായി രംഗത്തെത്തി. തെലങ്കാന എന്ന പ്രത്യേക സംസ്ഥാനം രൂപീകരിക്കണമെന്നതായിരുന്നു ആദ്യത്തെ ആവശ്യം. സംസ്ഥാന വിഭജനത്തെത്തുടർന്ന് സീമാന്ധ്ര പ്രദേശത്തിന് സാമ്പത്തികമായുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിച്ച് അവിടത്തെ ജനങ്ങൾക്ക് നീതി ലഭ്യമാക്കണം എന്നതായിരുന്നു രണ്ടാമത്തെ ആവശ്യം. മിതവാദം ഉപേക്ഷിച്ച് അറ്റകൈപ്രയോഗം നടത്തുന്നവർക്ക് താത്കാലിക ലാഭം കൈവരിക്കാനാകുമായിരിക്കും. ഇരട്ടലക്ഷ്യങ്ങൾക്കിടയിൽ സന്തുലനാവസ്ഥ സ്വീകരിക്കുന്നതിൽ ആർക്കും വൈരുദ്ധ്യം കാണാനാകില്ല. തങ്ങളുടെ സംസ്ഥാനം രൂപീകരിക്കപ്പെട്ടതിലും ഹൈദരാബാദ് തെലങ്കാനയുടെ അവിഭാജ്യഘടകമെന്നതിലും അവിടത്തെ ജനങ്ങൾ സന്തുഷ്ടരാണ്. പാർലമെന്റിലെ ഇരുസഭകളിലും അവതരിപ്പിച്ച ഈ നിയമനിർമ്മാണത്തിന്റെ വിജയവും പരാജയവും ബി.ജെ.പിയുടെ നിലപാടിനെ ആശ്രയിച്ചായിരുന്നു. അധികാരത്തിന്റെ സന്തുലനാവസ്ഥ പരിപാലിക്കേണ്ട ധർമ്മം ബി.ജെ.പിയുടെ കൈകളിലായിരുന്നു. ഞങ്ങളുടെ നീണ്ടകാലത്തെ ആവശ്യമായിരുന്ന തെലങ്കാനയ്ക്ക് അനുകൂലമായി സഭാനടപടികൾ നയിക്കാൻ ബി.ജെ.പി. തീരുമാനിക്കുകയാണുണ്ടായത്.

മറ്റു രണ്ടു വെല്ലുവിളികൾ കൂടിയുണ്ടായിരുന്നു. തെലങ്കാന സംസ്ഥാന രൂപീകരണവുമായി ബന്ധപ്പെട്ട് സീമാന്ധ്രയിലെ ജനങ്ങളുടെ താത്പര്യങ്ങളും അഭിലാഷങ്ങളും എങ്ങനെ സംരക്ഷിക്കും? തെലങ്കാന സംസ്ഥാന രൂപീകരണവിഷയത്തിൽ സർക്കാരിന് തെറ്റു പറ്റിയെന്ന് എങ്ങനെ സമർത്ഥിക്കും? ജാഗരൂകരായ പ്രതിപക്ഷം എന്ന നിലയിൽ ഈ വിഷയത്തിൽ തത്ത്വാധിഷ്ഠിതമായ ഒരു നിലപാടായിരുന്നു ഞങ്ങളുടേത്. ഹൈദരാബാദിന്റെ ക്രമസമാധാനച്ചുമതല മന്ത്രിസഭയിൽ നിക്ഷിപ്തമാക്കുന്നതിനു പകരം അത് ഗവർണ്ണറിൽ നിക്ഷിപ്തമാക്കിക്കൊണ്ട് ഒരു ഭരണഘടനാഭേദഗതിയെക്കുറിച്ച് ആലോചിക്കണമെന്നായിരുന്നു ഞങ്ങളുടെ നിലപാട്. അസ്വീകാര്യമാണെങ്കിലും പാതി മനസ്സോടെയുള്ള സർക്കാരിന്റെ പ്രതികരണം ഞങ്ങളുടെ നിലപാട് ശരിയാണെന്ന് തെളിയിച്ചു. സീമാന്ധ്രയിലെ ജനങ്ങളുടെ സാമ്പത്തികതാത്പര്യങ്ങൾ കാത്തുസൂക്ഷിക്കാനുതകുന്ന വിധത്തിലുള്ള ഉറപ്പ് സർക്കാരിൽ നിന്ന് നേടിയെടുക്കാനുള്ള പാർട്ടിയുടെ ശ്രമത്തിന്റെ ഭാഗമായിരുന്നു ആ നീക്കം. ഈ ലക്ഷ്യം കൈവരിക്കാൻ എല്ലാ പാർലമെന്ററി തന്ത്രങ്ങളും ഞങ്ങൾ പ്രയോഗിച്ചു. അംഗങ്ങളുടെ എണ്ണത്തിന്റെ കാര്യത്തിൽ ഞങ്ങൾക്കുള്ള മേൽക്കോയ്മ ഒരു അധികനേട്ടവുമായി ഭവിച്ചു. സീമാന്ധ്ര പ്രദേശത്തിന് അഞ്ചു വർഷത്തേക്ക് പ്രത്യേക പദവി ലഭിക്കുമെന്നും സീമാന്ധ്രയിലെ നിക്ഷേപങ്ങൾക്ക് മറ്റു സംസ്ഥാനങ്ങൾക്ക് നൽകിയതുപോലെ നികുതി ആനുകൂല്യങ്ങൾ നൽകുമെന്നും റായൽസീമ, വടക്കു തീരപ്രദേശ ആന്ധ്രാപ്രദേശ് ജില്ലകൾക്ക് പിന്നോക്ക വിഭാഗങ്ങൾക്കായുള്ള പ്രത്യേക പാക്കേജ് അനുവദിക്കുമെന്നുള്ള ഉറപ്പ് സർക്കാരിൽ നിന്ന് നേടിയെടുക്കാൻ ഞങ്ങൾക്ക് രാജ്യസഭയിൽ കഴിഞ്ഞു. അതേത്തുടർന്ന് ഒരു ദേശീയ പദ്ധതിയായി പ്രഖ്യാപിച്ച പോളാവരത്തിന് പുനരധിവാസത്തിനുള്ള സൗകര്യമൊരുക്കാമെന്നും സീമാന്ധ്രയ്ക്കർഹമായ ധനസഹായം 14-ാം ധനകാര്യക്കമ്മിഷൻ നിർണ്ണയിക്കുന്നതുവരെ ആ പ്രദേശത്തിനുതകുന്ന സാമ്പത്തികനഷ്ടം നികത്താൻ കേന്ദ്രസർക്കാർ തയ്യാറാകുമെന്നും വാഗ്ദാനം ചെയ്തിട്ടുണ്ട്. ഈ പാക്കേജ് സീമാന്ധ്രയിലെ ജനങ്ങളുടെ താത്പര്യം സംരക്ഷിക്കാനുതകുന്നതാണ്.

സീമാന്ധ്രയ്ക്ക് ഒരു പ്രത്യേക തലസ്ഥാനം നിർമ്മിക്കാൻ കേന്ദ്ര സർക്കാരിന്റെ സഹായം തേടുന്നതുൾപ്പെടെയുള്ള ആവശ്യങ്ങൾ ഉയരുന്നപക്ഷം അത്തരം അഭിലാഷങ്ങൾ നിറവേറ്റുന്നതിനായി ബി.ജെ.പി. അനുകൂലമായ ഒരു നിലപാടായിരിക്കും സ്വീകരിക്കുക.